ഉത്തരം

(എ) 31-3-2010-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ മുലധനം 1553 കോടിരൂപയും ദീർഘകാല വായ്പകളുടെ ബാധ്യത 140.49 കോടി രൂപയും ഹ്രസ്വകാല വായ്പ കൂടാതെ ഓവർ ഡ്രാഫ്റ്റ് എന്നീ ഇനങ്ങളിൽ 160.46 കോടി രൂപയും ബാധ്യതകളായിട്ടുണ്ട്.

(ബി&ഡി) 25-9-2008-ൽ സർക്കാർ പുറപ്പെടുവിച്ച ട്രാൻസ്ഫർ സ്കീം പ്രകാരം കെ.എസ്.ഇ. ബോർഡിന്റെ ആസ്തി ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ഇവ 1956-ലെ കമ്പനി നിയമപ്രകാരം രൂപീകരിക്കുന്ന ഒരു കമ്പനിയിലേക്ക് പുനർനിക്ഷേപിക്കേണ്ടതായിട്ടുണ്ട്. ഇതിലേക്കായി 14 ജനുവരി 2011-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തു. സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ ബോർഡിന് ലഭിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ കീഴിൽ ഒറ്റ കമ്പനിയായി നിലനിർത്താനാണ് ലക്ഷ്യം.

വൈദ്യുതി ബോർഡിന്റെ ലാഭനഷ്ടം

125(2378) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മീറ്റർ വാടക അടുത്ത ധനകാര്യവർഷം മുതൽ നിർത്തലാക്കാനുള്ള സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ബോർഡിന് പ്രതിവർഷം എന്തുതുക വരുമാന നഷ്ടമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി സർച്ചാർജ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുമ്പാകെ വൈദ്യുതി ബോർഡ് സമർപ്പിച്ച ലാഭ നഷ്ടക്കണക്ക് സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെഎസ്.ഇ. ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 2010-11-ലെ മൊത്ത വരുമാന ആവശ്യകതയും പ്രതീക്ഷിത വരുമാന ലഭ്യതയിന്മേലുള്ള കമ്മീഷന്റെ ഉത്തരവു പ്രകാരം റവന്യു കമ്മി 457.47 കോടി രൂപയാണ്.

(ബി) മീറ്റർ വാടകയിനത്തിൽ 2008-09, 2009-10 വർഷങ്ങളിൽ ബോർഡ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക താഴെ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	മീറ്റർ വാടക തുക കോടതിയിൽ
2008-09	141.38
2009-10	147.20

(സി) ഏപ്രിൽ 2010 മുതൽ സെപ്റ്റംബർ 2010 കാലയളവിലേക്കുള്ള ഇന്ധന സർച്ചാർജ്ജ് അംഗീകരിക്കുന്നതിനായി വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ച ഹർജി (പെറ്റീഷൻ)യുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതി ഉപഭോഗത്തിലും ഉല്പാദനത്തിലും പ്രതിവർഷമുണ്ടായ വർദ്ധനവ്

126(2379) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ദിവസം വൈദ്യുതിയുടെ ശരാശരി ഉപഭോഗം എത്ര ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത് ;

(സി) കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന അളവെത്ര ;

(ഡി) സംസ്ഥാനത്തിലെ ഉപഭോഗത്തിന് സംസ്ഥാനത്ത് പുറത്തു നിന്നും സംസ്ഥാനത്തിനകത്തെ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ യൂണിറ്റ് വില എത്ര ; വിശദാംശം നൽകുമോ ;

(ഇ) വൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഉപഭോഗത്തിലും ഉത്പാദനത്തിലും പ്രതിവർഷമുണ്ടായ വർദ്ധനയുടെ ശരാശരി നിരക്ക് എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 ഫെബ്രുവരി മാസത്തെ ശരാശരി ഉപഭോഗം 49.62 Mu ആണ്. എന്നാൽ പ്രതിദിന ഉപഭോഗം 56.2573 വരെ (24-6-2010-ൽ) ഉയർന്നിട്ടുണ്ട്.

(ബി) 2011 ജനുവരി മാസത്തെ കണക്കു പ്രകാരമുള്ള പ്രതിദിന ശരാശരി ഉത്പാദന വിവരങ്ങൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly